30
2021
ഡിസംബർ
വ്യാഴം
ധനു 15

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 212 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-212 പേജ് 4. വില 2.00 രൂപ




02 മോദിയുടെ സുരക്ഷയ്ക്ക് 12 കോടിയുടെ കാർ

03 അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിന് 2 വാക്സിനുകൾകൂടി

04 ഇത്തവണയും വിദേശികളില്ലാത്ത പുതുവത്സരാഘോഷം

## ഡെൽറ്റയും ഒമിക്രോണും ഇരട്ടഭീഷണി

# കോവിഡ് സുനാമി ഉണ്ടാകുമെന്ന് ലോകാരോഗ്യ സംഘടന



ജനീവ: കോവിഡ് സുനാമി ഉണ്ടാകുമെന്ന് ലോകാരോഗ്യ സംഘടനാമേധാവി ടെഡ്രോസ് അദാനം. ഡെൽറ്റ, ഒമിക്രോൺ വകഭേദങ്ങളുടെ വ്യാപനം മൂലം രോഗികളുടെ എണ്ണം കുതിച്ചുയരും ആരോഗ്യസംവിധാനങ്ങൾ പ്രതിസന്ധിയിലാകാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇരട്ട ഭീഷണിയാണ് ഡെൽറ്റ, ഒമൈക്രോൺ വകഭേദങ്ങൾ. ഇവയുടെ വ്യാപനം പുതിയ കേസുകളുടെ എണ്ണം റിക്കാർഡിൽ എത്തിക്കും. ആശുപത്രികളിൽ എത്തുന്നവരുടേയും മരണങ്ങളുടെയും വർധനവിന് ഇതു കാരണമാകും. ആഗോളതലത്തിൽ പുതിയ കേസുകളുടെ എണ്ണം 11 ശതമാനമാണ് ഉയർന്നത്. അതേസമയം അമേരിക്കയിലും ഫ്രാൻസിലും ബുധനാഴ്ച റിക്കാർഡ് പ്രതിദിന കേസുകളാണ് രേഖപ്പെടുത്തിയത്. ഡെൽറ്റയേക്കാൾ ഒമിക്രോണിന് തീവ്ര വ്യാപന ശേഷിയുള്ളതിനാൽ കോവിഡ് സുനാമിയിലേക്ക് ഇത് നയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒമിക്രോൺ വ്യാപനം രാജ്യത്തിൻറെ സാമ്പത്തിക വളർച്ചക്ക് തിരിച്ചടിയാകുമെന്ന മുന്നറിയിപ്പുമായി റിസർവ് ബാങ്ക്. വൈറസിൻറെ വ്യാപനവും ഉയരുന്ന നാണയപ്പെരുപ്പവും 2022 ൽ വളർച്ചയെ ബാധിക്കാനിടയുണ്ടെന്ന് റിസർവ് ബാങ്ക് പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു.

2021 ഏപ്രിൽ, മേയ് മാസങ്ങളിലെ ലോക്ക്ഡൗൺ രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയെ ബാധിച്ചിരുന്നു. സമാന വെല്ലുവിളിയാണ് ഒമിക്രോൺ ഉയർത്തുന്നതെന്നും ആർബിഐ റിപ്പോർട്ടിൽ പറയുന്നു.

ഒമിക്രോൺ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത രാജ്യങ്ങളിൽ നിന്നു വരുന്നവരിലും രോഗബാധ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ വിദേശത്തു നിന്നെത്തുന്ന എല്ലാവരും നിരീക്ഷണത്തിൽ കഴിയണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബിന്ദു മോഹൻ പറഞ്ഞു. 14 ദിവസം കുടുംബാംഗങ്ങൾ ഉൾപ്പെടെ ആരുമായും സമ്പർക്കത്തിലേർപ്പെടാതെ ശ്രദ്ധിക്കണം. വിദേശത്തു നിന്നെത്തിയ വിവരം അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ അറിയിച്ച് അവിടെ നിന്നുള്ള നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കണം. സ്രവ പരിശോധന നടത്തണം. വിമാനത്താവളത്തിൽ നിന്നുള്ള യാത്രാവേളയിൽ ആവശ്യമായ മുൻകരുതൽ സ്വീകരിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു. ഡിസംബർ 21നാണ് കൊല്ലത്ത് ഒമിക്രോൺ സ്ഥിരീകരിച്ചത്. നമീബയിൽ നിന്നെത്തിയ 44 വയസുള്ള അയത്തിൽ സ്വദേശിയിലാണ് രോഗബാധ കണ്ടെത്തിയത്.

## കോവിഡ് കുതിക്കുന്നു; 82 ശതമാനം വർധന

മുംബൈ: ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിൽ കോവിഡ് കേസുകൾ കുതിച്ചുകയറുന്നു. ഇന്ന് മാത്രം 2,510 പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തു. ഇന്നലെത്തെക്കാൾ 82 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്.

കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ മന്ത്രി ആദിത്യ താക്കറെ തദ്ദേശ സ്ഥാപനങ്ങളുടെ യോഗം വിളിച്ചു. ആശുപത്രി സൗകര്യങ്ങൾ വർധിപ്പിക്കാനും മരുന്നുകളും ഓക്സിജനും സജ്ജമാക്കാനും ബോംബെ മുനിസിപ്പൽ കോർപറേഷൻ തീരുമാനിച്ചു.

മുംബൈ നഗരത്തിൽ പുതുവർഷാ ഘോഷങ്ങൾക്ക് വിലക്കേർപ്പെടുത്തി. 31 ന് നഗരത്തിലെ എല്ലാ പൊതു സ്ഥലങ്ങളും അടച്ചിടും. പുതുവത്സര ആഘോഷങ്ങളിൽ മാർഗനിർദ്ദേശങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി താക്കറെ പറഞ്ഞു.

കേസുകൾ അതിവേഗം വർധിക്കുന്നതിൽ പരിഭ്രാന്തരാകേണ്ടതില്ല. എന്നാൽ അതീവ ജാഗ്രത പാലിക്കണം. വാക്സിൻ സ്വീകരിക്കുകയും മാസ്ക് ധരിക്കുകയും ചെയ്യണം മന്ത്രി കൂട്ടിച്ചേർത്തു.



### കോവിഡിൽ കുടുങ്ങി ഡൽഹി

ന്യൂഡൽഹി: രാജ്യതലസ്ഥാനമായ ഡൽഹിയിലും കോവിഡ് കേസുകൾ അതിവേഗം ഉയരുന്നു. ഡൽഹിയിൽ ഇന്ന് 923 കേസുകളാണ് ഇന്ന് റിപ്പോർട്ട് ചെയ്തത്. ചൊവ്വാഴ്ച റിപ്പോർട്ട് ചെയ്ത കേസുകളേക്കാൾ 86 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ മെയ് മാസം 30 ന് ശേഷമുള്ള ഏറ്റവും ഉയർന്ന കണക്കാണ് ഇന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഈ കാലയളവിൽ കോവിഡ് മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കഴിഞ്ഞ ഒരാഴ്ചയായി കേസുകളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർധനവാണ് ഉണ്ടാകുന്നത്. ടിപിആർ നിരക്ക് ഇപ്പോൾ 1.29 ശതമാനമായി.

കോവിഡ് കേസുകൾ വർധിക്കുന്നതിൻറെ പശ്ചാത്തലത്തിൽ ഡൽഹിയിൽ മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചിരിക്കുകയാണ്. സ്കൂളുകളും, കോളജുകളുമുൾപ്പെടെവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സിനിമാ ഹാളുകൾ, ജിമ്മുകൾ, സ്പാകൾ എന്നിവ അടച്ചുപൂട്ടി. കടകളും മാളുകളും ഒറ്റഇരട്ട അടിസ്ഥാനത്തിൽ തുറക്കാൻ അനുവദിച്ചിട്ടുണ്ട്. ഡൽഹി മെട്രോ നിലവിൽ പകുതി യാത്രക്കാരുമായാണ് സർവീസ് നടത്തുന്നത്.

## ഇരുചക്ര വാഹന ഉടമകൾക്ക് പെട്രോളിന് 25 രൂപ ഡിസ്കൗണ്ട്

റാഞ്ചി: ഇന്ധന വിലയിൽ വലയുന്ന ജനതയ്ക്ക് ആശ്വാസവുമായി ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ. ഇരുചക്രവാഹനങ്ങൾക്ക് പെട്രോൾ വിലയിൽ 25 രൂപയുടെ കുറവ് വരുത്തിയെന്ന് ഹേമന്ത് സോറൻ പ്രഖ്യാപിച്ചു. ജനുവരി 26 മുതലാണ് ഇത് പ്രാബല്യത്തിൽ വരിക.

സാധാരണക്കാർക്ക് വലിയ ആശ്വാസമാകും പെട്രോൾ വിലയിൽ കുറവ് വരുത്തിയ തീരുമാനമെന്ന് ഹേമന്ത് സോറൻ ട്വിറ്ററിൽ കുറിച്ചു. ഇടത്തരക്കാരാണ് ഇരുചക്ര ഉടമകളിൽ ഏറിയപങ്കും. അവർക്ക് വലിയ ആശ്വാസമാകുന്നതാണ് സംസ്ഥാന സർക്കാരിൻറെ തീരുമാനം. പെട്രോളടിക്കുന്ന ഇരുചക്ര വാഹനയാത്രക്കാരുടെ അക്കൗണ്ടിലേക്ക് 25 രൂപ ക്രെഡിറ്റ് ആകുന്ന തരത്തിലായിരിക്കും പദ്ധതി.


പത്ത് ലിറ്റർ പെട്രോൾ വരെ ഇത്തരത്തിൽ വിലക്കുറവിൽ ലഭിക്കുമെന്നാണ് റിപ്പോർട്ട്. കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിലുണ്ടാകുമെന്നാണ് വ്യക്തമാകുന്നത്.

## കണ്ണൂർ വിസി നിയമനം: താൻ ചാൻസലർ അല്ല, ഹൈക്കോടതി നോട്ടീസ് കൈപ്പറ്റില്ലെന്ന് ഗവർണർ

കണ്ണൂർ: കണ്ണൂർ സർവകലാശാലയിലെ വിസി പുനർനിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി അയച്ച നോട്ടീസ് കൈപ്പറ്റാതെ ഗവർണർ ആരീഫ് മുഹമ്മദ് ഖാൻ. ഹൈക്കോടതി അയച്ച നോട്ടീസ് ചാൻസലർക്കാണെന്നും താൻ ഡിസംബർ എട്ട് മുതൽ ചാൻസലർ അല്ലെന്നും ഗവർണർ ആരീഫ് മുഹമ്മദ് ഖാൻ പറഞ്ഞു.

ഹൈക്കോടതി അയച്ച നോട്ടീസ് സർക്കാരിന് കൈമാറും. ഇനി കാര്യങ്ങൾ സർക്കാർ തീരുമാനിക്കട്ടെയെന്നും ഗവർണർ പറഞ്ഞു.

കണ്ണൂർ വിസിയായി ഡോ. ഗോപിനാഥ് രവീന്ദ്രൻറെ പുനർനിയമനം ചോദ്യം ചെയ്ത് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ നൽകിയ അപ്പീൽ ഹർജിയിൽ ഒന്നാം എതിർകക്ഷിയും സർവകലാശാല ചാൻസലറുമായ കേരള ഗവർണർക്ക് പ്രത്യേക ദൂതൻ മുഖേന



ഹൈക്കോടതി കഴിഞ്ഞ ദിവസം നോട്ടീസ് എത്തിച്ചു നൽകിയിരുന്നു.

ഗവർണർക്കുവേണ്ടി നോട്ടീസ് കൈപ്പറ്റിക്കൊണ്ടുള്ള രേഖ രാജ്ഭവൻ ഓഫീസ് ഹൈക്കോടതിക്കു കൈമാറിയിരുന്നു. ഇതിനു പിന്നാലെയാണ് സർക്കാരിനെ വെട്ടിലാക്കി ഗവർണറുടെ പ്രതികരണം.

ജനുവരി 12നാണ് ഹർജിയിൽ കോടതി വാദം കേൾക്കുക. ഉന്നത വിദ്യാഭ്യാസ സെക്രട്ടറിക്കുള്ള നോട്ടീസ് അഡ്വക്കറ്റ് ജനറലും കണ്ണൂർ സർവകലാശാലയ്ക്കുള്ള നോട്ടീസ് സർവകലാശാലാ സ്റ്റാൻഡിംഗ് കൗൺസലും നേരിട്ട് സ്വീകരിച്ചിരുന്നു.

സർക്കാരിൻറെ സമ്മർദങ്ങൾക്കു വഴങ്ങിയാണ് നിയമനം അംഗീകരിച്ചതെന്നും സർവകലാശാലാ കാര്യങ്ങളിൽ ഇടപെടില്ലെന്നും ഗവർണർ നേരത്തെ വ്യക്തമാക്കിയിരുന്നു.

## പോപ്പുലർ ഫിനാൻസ് തട്ടിപ്പ്: 33.84 കോടി രൂപയുടെ ആസ്തി കണ്ടുകെട്ടി

തിരുവനന്തപുരം: പോപ്പുലർ ഫിനാൻസ് തട്ടിപ്പുകേസിൽ കൂടുതൽ സ്വത്തുക്കൾ കണ്ടുകെട്ടി എൻഫോഴ്സ്മെൻറ് ഡയറക്ട്രേറ്റ്. 33.84 കോടി രൂപയുടെ സ്വത്തുക്കളാണ് ഇഡി കണ്ടു കെട്ടിയത്.

ഇതോടെ കള്ളപ്പണ കേസിൽ ആകെ 65 കോടി രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടി കഴിഞ്ഞു. കേരളത്തിൽ പത്ത് ഇടങ്ങളിൽ ഉള്ള ഭൂമിയും കെട്ടിടങ്ങളും, 11.5 കിലോ സ്വർണം, കന്പനി ഉടമകളുടെയും പ്രമോട്ടർമാരുടെയും പേരിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ഉള്ള 3.79 കോടി രൂപയും ഉൾപ്പെടാണ് കണ്ടുകെട്ടിയിട്ടുണ്ട്. 1000 കോടി രൂപയുടെ തട്ടിപ്പ് നടത്തിയ കേസിലാണ് നടപടി.

കേരള പോലീസ് രജിസ്റ്റർ ചെയ്ത കേസ് പിന്നീട് ഇഡി ഏറ്റെടുത്ത് അന്വേഷിക്കുകയായിരുന്നു.

## രാത്രികാല നിയന്ത്രണം: ശബരിമല, ശിവഗിരി തീർഥാടകർക്ക് ഇളവ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഒമിക്രോൺ പടരാനുള്ള സാധ്യത മുൻനിർത്തി ഡിസംബർ 30 മുതൽ ജനുവരി രണ്ടു വരെയുള്ള രാത്രികാല നിയന്ത്രണങ്ങളിൽനിന്ന് തീർഥാടകർക്ക് ഇളവ്. ശബരിമല, ശിവഗിരി തീർഥാടകർക്കാണ് സർക്കാർ ഇളവ് അനുവദിച്ചിരിക്കുന്നത്.

അതേസമയം ദേവാലയങ്ങളിലെ ചടങ്ങുകൾക്കും നിയന്ത്രണം ബാധകമാണെന്ന് സർക്കാർ നേരത്തെ അറിയിച്ചിരുന്നു. മത, രാഷ്ട്രീയ, സാംസ്കാരിക കൂടിച്ചേരലുകൾ അനുവദിക്കില്ല. രാത്രിയിൽ പുറത്തിറങ്ങുന്നവർ സാക്ഷ്യപത്രം കരുതണമെന്നും സർക്കാർ അറിയിച്ചു.

കർഫ്യുവിൻറെ സാഹചര്യത്തിൽ രാത്രി 10നു മുൻപ് തിരുക്കർമങ്ങൾ നടത്തണമെന്നാണു സർക്കാർ നിലപാട്. തിരുക്കർമങ്ങൾക്കായി പ്രത്യേക അനുമതി നൽകി ഉത്തരവിറക്കാൻ സർക്കാർ തയാറാകണമെന്ന നിലപാടിലാണു വിശ്വാസി സമൂഹം.

മുൻ വർഷങ്ങളിലും കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ പുതുവത്സര തിരുക്കർമങ്ങൾക്ക് അനുമതി നൽകിയിരുന്നില്ല.

## അനുവാദമില്ലാതെ സ്ത്രീയുടെ ശരീരത്തിൽ സ്പർശിക്കുന്നത് ഗുരുതര കുറ്റമെന്ന് ഹൈക്കോടതി

ന്യൂഡൽഹി: അനുവാദമില്ലാതെ സ്ത്രീയുടെ ശരീരത്തിൽ സ്പർശിക്കുന്നത് ഗുരുതര കുറ്റകൃത്യമാണെന്ന് ബോംബെ ഹൈക്കോടതി. യുവതിയെ ഉപദ്രവിച്ച കേസിൽ ശിക്ഷിക്കപ്പെട്ട 36 കാരൻ നൽകിയ അപ്പീലിലാണ് ജസ്റ്റിസ് എം ജി സെവ്‌ലിക്കറുടെ ഉത്തരവ്.

മഹാരാഷ്ട്രയിലെ ജൽന ജില്ലയിൽ 2014 ലാണ് കേസിനാസ്പദമായ സംഭവം നടക്കുന്നത്. ഭർത്താവ് ഇല്ലാതിരുന്ന സമയത്ത് അയൽവാസിയായ പ്രതി യുവതിയുടെ വീട്ടിൽ കയറുകയും കാലിൽ പിടിക്കുകയുമായിരുന്നു. യുവതി ബഹളം വച്ചതോടെ പ്രതി ഓടി രക്ഷപ്പെട്ടു.

യുവതി കതക് തുറന്നു കൊടുത്താണ് യുവാവ് വീടിനുള്ളിൽ കയറിയതെന്നും, കാലിൽ മാത്രമാണ് സ്പർശിച്ചതെന്നും പ്രതിയുടെ വക്കീൽ വാദിച്ചു. എന്നാൽ പ്രതി ലൈംഗിക ഉദ്ദേശത്തോടെയാണ് സ്പർശിച്ചതെന്നും യുവതിയുടെ സമ്മതമില്ലാതെ അവളുടെ ശരീര ഭാഗങ്ങളിൽ സ്പർശിക്കുന്നത് അവരെ അപമാനിക്കുന്നതാണെന്നും കോടതി നിരീക്ഷിച്ചു. നേരത്തെ വിചാരണക്കോടതി പ്രതിയെ ഒരു വർഷത്തെ തടവിന് ശിക്ഷിച്ചിരുന്നു.

## അമേഠിയിൽ മോഷണം ആരോപിച്ച് ദളിത് പെൺകുട്ടിക്ക് ക്രൂരമർദനം

ലക്നോ: ഉത്തർപ്രദേശിലെ അമേഠിയിൽ പ്രായപൂർത്തിയാകാത്ത ദളിത് പെൺകുട്ടിയെ വടികൊണ്ട് ക്രൂരമായി മർദിക്കുന്നതിൻറെ വീഡിയോ വൈറലാകുന്നു. സംഭവത്തിൽ പോലീസ് കേസെടുത്ത് ഒരാളെ അറസ്റ്റ് ചെയ്തു.

രണ്ട് പേർ ചേർന്ന് പെൺകുട്ടിയെ ബലമായി പിടിച്ചുവയ്ക്കുകയും മൂന്നാമൻ കുട്ടിയുടെ കാലിൽ വടി ഉപയോഗിച്ച് ശക്തിയായി അടിക്കുന്നതുമാണ് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ ദൃശ്യത്തിലുള്ളത്. മോഷണക്കുറ്റം ആരോപിച്ചാണ് പെൺകുട്ടിയെ മർദിച്ചത്.

വീഡിയോയിൽ മൂന്ന് സ്ത്രീകൾ പെൺകുട്ടിയെ ചോദ്യം ചെയ്യുന്നതും കേൾക്കാം. പെൺകുട്ടി വേദന കൊണ്ട് കരയുമ്പോഴും യുവാക്കൾ ക്രൂരത തുടർന്നു. നിലത്ത് വലിച്ച് ഇഴച്ചും മുടിയിൽ കുത്തിപ്പിടിച്ചും അടിച്ചു.

സംഭവത്തിൽ പോസ്കോ വകുപ്പ് പ്രകാരം കേസ് എടുത്ത പോലീസ് നമൻ സോണി എന്നയാളെ അറസ്റ്റ് ചെയ്തു. മറ്റ് പ്രതികളെ വൈകാതെ പിടികൂടുമെന്നും പോലീസ് പറഞ്ഞു.




# നൂതനാശയങ്ങളിൽ സ്ഥാപനങ്ങളുടെ നേട്ടങ്ങളെക്കുറിച്ചുള്ള അടൽ റാങ്കിംഗ് (അഞകകഅ) 2021 പ്രഖ്യാപിച്ചു

നൂതനാശയങ്ങളിൽ സ്ഥാപനങ്ങളുടെ നേട്ടങ്ങളെക്കുറിച്ചുള്ള അടൽ റാങ്കിംഗ് (അഞകകഅ) 2021, ഇന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ഡോ. സുഭാഷ് സർക്കാർ വിർച്യുൽ ആയി പ്രഖ്യാപിച്ചു. ഈ അവസരത്തിൽ, ഡോ. സർക്കാർ അഞകകഅ യുടെ 40മത് പതിപ്പ് പുറത്തിറക്കുകയും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പങ്കെടുക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

വിദ്യാർത്ഥികളിലെയും അധ്യാപകരിലെയും നൂതനാശയം, സ്റ്റാർട്ടപ്പ്, സംരംഭകത്വ വികസനം എന്നിവയുമായി ബന്ധപ്പെട്ട സൂചകങ്ങളേ അടിസ്ഥാനമാക്കി ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വ്യവസ്ഥാപിതമായി റാങ്ക് ചെയ്യുന്നതിനുള്ള വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും എഐസിടിഇയുടെയും സംയുക്ത സംരംഭമാണ് അടൽ റാങ്കിംഗ് അഞകകഅ. അപേക്ഷിച്ചതും അനുവദിച്ചതുമായ പേറ്റന്റുകളുടെ എണ്ണം, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം, ഇൻകുബേറ്റഡ് സ്റ്റാർട്ടപ്പുകൾ മുഖേനയുള്ള ഫണ്ട് സൃഷ്ടിക്കൽ, സ്ഥാപനങ്ങൾ സൃഷ്ടിച്ച പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾ പരിശോധിച്ചു സ്ഥാപനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നു.

അടൽ 2021 റാങ്കുകൾ 9 പ്രത്യേക വിഭാഗങ്ങളിലായാണ് പ്രഖ്യാപിച്ചത് അതിൽ കേന്ദ്ര ധനസഹായമുള്ള സാങ്കേതിക സ്ഥാപനങ്ങൾ, സംസ്ഥാന സർവ്വകലാശാലകൾ, സംസ്ഥാന സർവ്വകലാശാലകളിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സാങ്കേതിക കോളേജുകൾ, സ്വകാര്യ സർവ്വകലാശാലകൾ, സ്വകാര്യ സാങ്കേതിക കോളേജുകൾ, സാങ്കേതികേതര ഗവണ്മെന്റ് സ്വകാര്യ സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

കഴിഞ്ഞ വർഷം രണ്ടാം പതിപ്പിൽ 674 സ്ഥാപനങ്ങൾ പങ്കെടുത്തപ്പോൾ ഈ വർഷം 1438 സ്ഥാപനങ്ങൾ പങ്കെടുത്തു. അഞകകഅ 2021ന്റെ വിശദമായ ഫലങ്ങൾ ARIIA |ARIIA | Atal Ranking of Institutions on Innovation Achievements എന്ന ലിങ്കിൽ ലഭ്യമാണ്.

# ഒമിക്രോൺ ഭീഷണി : നിയന്ത്രണത്തിനു സുശക്ത നടപടി ജില്ലാ കലക്ടർ

ഒമിക്രോൺ ഭീഷണി നിലനിൽക്കെ പുതുതായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഉറപ്പാക്കുന്നതിന് സുശക്ത സംവിധാനം ഏർപ്പെടുത്തിയെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. ഇന്ന് ( ഡിസംബർ 30 ) മുതൽ ജനുവരി രണ്ടു വരെ രാത്രികാല കർഫ്യൂ ഏർപ്പെടുത്തുന്നതിന് സെക്ടർ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു. ഡെപ്യൂട്ടി തഹസിൽദാർമാരാണ് നിയന്ത്രണങ്ങൾ ഉറപ്പുവരുത്താൻ നേതൃത്വം നൽകുക. മജിസ്റ്റീരിയൽ അധികാരങ്ങൾ കൂടി നൽകിയാണ് ഇവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

രോഗവ്യാപന സാധ്യത നിലനിൽക്കെ കോവിഡ് മാനദണ്ഡപാലനം ഉറപ്പുവരുത്തുന്നതിന് കർശന നടപടികൾ സ്വീകരിക്കും. മാസ്ക് ധരിക്കുന്നത് ഉറപ്പാക്കുകയാണ് പ്രധാനം. ഇതോടൊപ്പം നിശ്ചിത ദിവസങ്ങളിൽ ആളുകൾ കൂട്ടം കൂടുന്ന സാഹചര്യം ഒഴിവാക്കും. രാത്രികാലത്ത് ആഘോഷങ്ങൾ അനുവദിക്കില്ല. സിനിമ തീയേറ്ററുകളിൽ 10 മണിക്ക് ശേഷം ഷോ നടത്താനും പാടില്ല. പുതുവത്സരവുമായി ബന്ധപ്പെട്ട എല്ലാ ആഘോഷങ്ങളും രാത്രി 10 ന് മുമ്പ് അവസാനിപ്പിക്കണം. വ്യാപാര സ്ഥാപനങ്ങൾക്കും നിയന്ത്രണം ബാധകം. ഈ ദിവസങ്ങളിൽ നേരത്തെ ഏർപ്പെടുത്തിയിരുന്ന രീതിയിൽ സാമൂഹ്യ അകലം ഉറപ്പാക്കി വേണം സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ. ഹോട്ടലുകളിലും സിനിമ തിയേറ്ററുകളിലും 50 ശതമാനം പേരുടെ മാത്രം സാന്നിധ്യം ആകാം. ഇതെല്ലാം ഉറപ്പുവരുത്താൻ ചുമതലപ്പെടുത്തിയ സെക്ടർ മജിസ്ട്രേറ്റ് മാർക്കായി പ്രത്യേകം വാഹന സൗകര്യവും ഏർപ്പെടുത്തി. പോലീസിന്റെ കൂടി സഹകരണം ഉറപ്പാക്കി രാത്രികാല നിയന്ത്രണങ്ങൾ കൃത്യതയോടെ നടപ്പിലാക്കും. രാത്രി 10 മണി മുതൽ രാവിലെ അഞ്ച് വരെയാണ് നിയന്ത്രണം. പുതിയ സാഹചര്യത്തോട് സഹകരിക്കാൻ എല്ലാവരും തയ്യാറാകണമെന്ന് ജില്ലാ കലക്ടർ അഭ്യർത്ഥിച്ചു.

## വയോസേവന അവാർഡ് 2021 ന് അപേക്ഷിക്കാം

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി മികച്ച രീതിയിൽ വിവിധ പദ്ധതികളും, പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്ന സർക്കാർ/ സർക്കാരിതര വിഭാഗങ്ങൾക്കും, കലാകായിക സാംസ്കാരിക മേഖലകളിൽ മികവ് തെളിയിച്ച മുതിർന്ന പൗരൻമാർക്കും 'വയോസേവന അവാർഡ് 2021' ന് (സംസ്ഥാനതലം) അപേക്ഷിക്കാം. അപേക്ഷകൾ ജനുവരി 10 നകം സാമൂഹ്യനീതി ഡയറക്ടറേറ്റിലോ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കോ സമർപ്പിക്കണം. ഷെറ.സല്യ മഹമ.ഴീ.ശി ലും സാമൂഹ്യ നീതി കാര്യാലയങ്ങളിലും അപേക്ഷാഫോമുകൾ ലഭിക്കും.

# വിദ്യാർത്ഥികൾ സ്പീക്കറുമായി കൂടിക്കാഴ്ച നടത്തി

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്ററിന്റെ (പാർലമെന്ററി സ്റ്റഡീസ്) ധഗഘ അങജട (ജട)പ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ 'സമഗ്ര ശിക്ഷ കേരളയുടെ' പ്രാദേശിക ചരിത്രരചന സംസ്ഥാനതല വിജയികളായ വിദ്യാർത്ഥികൾ നിയമസഭാ സ്പീക്കർ എം.ബി രാജേഷുമായി കൂടിക്കാഴ്ച നടത്തി. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പങ്കെടുത്തു. നിയമസഭാ സെക്രട്ടറി എസ്. വി. ഉണ്ണികൃഷ്ണൻ നായർ ഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു. സമഗ്രശിക്ഷ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. എ.പി. കുട്ടികൃഷ്ണൻ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ ജയപ്രകാശ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു. കെലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് സ്വാഗതം പറഞ്ഞു.

ഭരണഘടനയെക്കുറിച്ച് ധാരണ ഉണ്ടാവുക അത്യാവശ്യമാണെന്നും ഭാരതത്തെ ആധുനികതയിലേക്ക് നയിക്കുന്നത് ഭരണഘടനയാണെന്നും രാജ്യസ്നേഹത്തിന്റെ യഥാർത്ഥ മാനദണ്ഡം ഭരണഘടനയോട് കൂറ് പുലർത്തുക എന്നതാണെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു. നിരവധി വൈവിദ്ധ്യങ്ങളും വൈജാത്യങ്ങളും നിറഞ്ഞ രാജ്യമാണ് നമ്മുടേതെന്നും 'നാനാത്വത്തിൽ ഏകത്വം' എന്നതാണ് ഇന്ത്യയുടെ പ്രത്യേകത എന്നും അദ്ദേഹം പറഞ്ഞു. മനുഷ്യൻ കടന്നുവന്ന വഴികളെക്കുറിച്ച് അറിയുവാൻ ചരിത്രബോധമുണ്ടാകുക പ്രധാനമാണെന്നും ചരിത്രബോധം, ശാസ്ത്രബോധം, യുക്തിചിന്ത വിമർശനബുദ്ധി എന്നിവ ഉള്ളവരായി പുതുതലമുറ വളർന്നുവരട്ടെയെന്നും സ്പീക്കർ ആശംസിച്ചു.

സ്കൂളുകളിൽ പഠന യാത്രകൾ സംഘടിപ്പിക്കുമ്പോൾ അവ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലാകാൻ അധ്യാപകർ ശ്രദ്ധിക്കണമെന്ന് സ്പീക്കർ സൂചിപ്പിച്ചു. ചരിത്രത്തിന്റെ അറിയപ്പെടാത്ത ഏടുകൾ കണ്ടെത്തുവാൻ ചരിത്ര രചനയിലൂടെ കഴിയട്ടെയെന്നും അദ്ദേഹം പറഞ്ഞു.

കൊവിഡ് കാലഘട്ടത്തിലും കേരളത്തിലെ പൊതുവിദ്യാഭ്യാസം ഡിജിറ്റൽ രീതിയിലൂടെ സജീവമായിരുന്നുവെന്നും കഴിഞ്ഞ അഞ്ച് വർഷക്കാലം വിദ്യാഭ്യാസ മേഖലയിൽ കേരളം നടത്തിയ മുന്നേറ്റം തുടർന്നുള്ള വർഷങ്ങളിലും ഉണ്ടാകുമെന്നും ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമ്പോൾ കേരളത്തിന്റേതായ പാഠ്യപദ്ധതി നടപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തുമെന്നും വി. ശിവൻകുട്ടി പറഞ്ഞു.

# മുമ്പേ വിവരം രേഖപ്പെടുത്താതിനാൽ മെഡിക്ലെയിം നിരസിക്കാനാകില്ല: സുപ്രീം കോടതി

ന്യൂഡൽഹി: പോളിസി എടുക്കുന്ന വേളയിൽ അപൂർണമായ മെഡിക്കൽ അവസ്ഥകൾ മാത്രമേ വെളിപ്പെടുത്തിയിട്ടുള്ളൂ എന്ന് ചൂണ്ടിക്കാട്ടി മെഡിക്ലെയിം നിരസിക്കാൻ ഇൻഷുറൻസ് കമ്പനിക്കു് കഴിയില്ലെന്ന് സുപ്രീം കോടതി.

അമേരിക്കൻ യാത്രക്ക് മുമ്പ് വിദേശ മെഡിക്ലെയിം ബിസിനസ് ആന്റ് ഹോളിഡേ പോളിസി വാങ്ങിയ മൻമോഹൻ നന്ദ എന്നയാളുടെ അപ്പീൽ പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ ഡി വൈ ചന്ദ്രചൂഡ്, ബി വി നാഗരത്ന എന്നിവരടങ്ങിയ ബെഞ്ച് ഈ നിരീക്ഷണം നടത്തിയത്.

സാൻഫ്രാൻസിസ്കോ വിമാനത്താവളത്തിൽ എത്തിയ നന്ദയ്ക്ക് ഹൃദയാഘാതം ഉണ്ടാവുകയും ആൻജിയോപ്ലാസ്റ്റിക്ക് വിധേയനാവുകയും ചെയ്തു.

ഹൃദയധമനികളിലെ തടസ്സം നീക്കാൻ മൂന്ന് സ്റ്റെന്റുകൾ ഘടിപ്പിച്ചു. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയിൽ നിന്ന് ചികിത്സാ ചെലവ് ക്ലെയിം ചെയ്തെങ്കിലും ആരോഗ്യസ്ഥിതി പൂർണമായും വെളിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടുവെന്ന് കാണിച്ച് കമ്പനി അപേക്ഷ നിരസിച്ചു.

മെഡിക്ലെയിം പോളിസി വാങ്ങുമ്പോൾ സ്റ്റാറ്റിൻ മരുന്നുകൾ കഴിച്ചതായി വെളിപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞ് ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും അപേക്ഷ തള്ളിയിരുന്നു.

ഈ ഉത്തരവിനെതിരെയാണ് നന്ദ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയത്. ഇൻഷ്വർ ചെയ്തയാളുടെ ആരോഗ്യനില വിലയിരുത്തി പോളിസി നല്കിക്കഴിഞ്ഞാൽ, ഇൻഷ്വർ ചെയ്ത വ്യക്തി വെളിപ്പെടുത്തിയ മെഡിക്കൽ അവസ്ഥ ചൂണ്ടിക്കാട്ടി ക്ലെയിം നിരസിക്കാൻ ഇൻഷുറർക്ക് കഴിയില്ലെന്ന് കോടതി പറഞ്ഞു.

മെഡിക്ലെയിം പോളിസി വാങ്ങുന്നതിന്റെ ഉദ്ദേശ്യം വിദേശത്ത് സംഭവിക്കാനിടയുള്ള പ്രതീക്ഷിക്കാത്ത അസുഖത്തിനോ അസുഖത്തിനോ നഷ്ടപരിഹാരം തേടുകയാണെന്ന് കോടതി പറഞ്ഞു.

ഇൻഷ്വർ ചെയ്തയാൾക്ക് പെട്ടെന്ന് അസുഖമുണ്ടായാൽ, അത് പോളിസിക്ക് കീഴിൽ വ്യക്തമായി ഒഴിവാക്കിയിട്ടില്ലെങ്കിൽ, നൽകാൻ ഇൻഷുററർക്ക് ബാധ്യതയുണ്ടെന്ന് കോടതി പറഞ്ഞു. എന്നാൽ മെഡിക്ലെയിമിനായി രജിസ്റ്റർ ചെയ്യുന്നവർ ഇൻഷുറൻസ് കമ്പനിയുടെ അറിവിലുള്ള എല്ലാ വസ്തുതകളും വെളിപ്പെടുത്തണമെന്ന് ജസ്റ്റിസുമാരായ ചന്ദ്രചൂഡും നാഗരത്നയും ഓർമ്മിപ്പിച്ചു.

# പൊതുവിതരണ രംഗം പൂർണമായി ശുദ്ധീകരിക്കും: മന്ത്രി അഡ്വ. ജി ആർ അനിൽ

കാസർകോട്: പൊതുവിതരണ രംഗം പൂർണമായി ശുദ്ധീകരിക്കുമെന്ന് ഭക്ഷ്യ, സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ പറഞ്ഞു.

കാസർകോട് താൽക്കാലികമായി റദ്ദ് ചെയ്ത റേഷൻ കടകൾ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കൽ അദാലത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരമാവധി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

എല്ലാവർക്കും ഭക്ഷണം ഉറപ്പു വരുത്തുകയാണ് സർക്കാറിന്റെ ലക്ഷ്യം. ആദ്യഘട്ടത്തിൽ അനർഹർ കൈവശം വച്ചിരിക്കുന്ന മുൻഗണന റേഷൻ കാർഡുകൾ കണ്ടെത്തി അർഹരെ ഉൾപ്പെടുത്തുകയാണ്. അനർഹരായ 1,62,000ൽ അധികം റേഷൻ കാർഡുകൾ കണ്ടെത്തിയിട്ടുണ്ട്.

ഇത്രയും കാർഡുകൾ അർഹർക്ക് നൽകാനുള്ള നടപടി പൂർത്തിയായി വരികയാണ്. ഇത് സാധാരണക്കാർക്ക് വലിയ ആശ്വാസമാണ് നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

അടുത്ത ഘട്ടമെന്ന നിലയിൽ റേഷൻ കാർഡുകളിലെ തെറ്റു തിരുത്തൽ നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

ഇതിനായി സംസ്ഥാനത്തെ 14,180 റേഷൻ കടകളിലും ബോക്സ് സ്ഥാപിച്ച് അപേക്ഷ സ്വീകരിച്ചു. ഒരു പൈസയും വാങ്ങാതെ ഈ തെറ്റുകൾ തിരുത്തി നൽകും. ജനുവരി മാസത്തിനകം സംസ്ഥാനത്തെ മുഴുവൻ ജില്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് ആരംഭിക്കും. ജനങ്ങളുടെ പരാതികൾക്ക് ഉചിതമായ മറുപടി നൽകാൻ ഈ സംവിധാനം പ്രയോജനപ്പെടുത്താം. സപ്ലൈ ഓഫീസുകൾ പൂർണമായും ഇ ഓഫീസുകളാക്കും. ഭക്ഷ്യധാന്യ വിതരണത്തിൽ ഗുണനിലവാരത്തിലും അളവിലും തൂക്കത്തിലും കൃത്യത ഉറപ്പു വരുത്തും.

ഗോഡൗണുകളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കും. സംസ്ഥാന സർക്കാർ ഒന്നാം വാർഷികം പൂർത്തിയാക്കുന്ന ഘട്ടത്തിൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും നവീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

സസ്പെൻഡ് ചെയ്തിരുന്ന നാലു കടകളുടെ ലൈസൻസ് അദാലത്തിൽ പുനഃസ്ഥാപിച്ചു. ഏഴ് ലൈസൻസികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാൻ സമയം അനുവദിച്ചു. 16 ലൈസൻസുകൾ റദ്ദാക്കി. കോട്ടയം, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, കൊല്ലം ജില്ലകളിൽ നേരത്തെ അദാലത്തുകൾ പൂർത്തിയായിരുന്നു. മറ്റു ജില്ലകളിൽ വരും ദിവസങ്ങളിൽ അദാലത്ത് നടക്കുമെന്നു മന്ത്രി അറിയിച്ചു. സിവിൽ സപ്ലൈസ് ഡയറക്ടർ ഡി സജിത് ബാബു, നോർത്ത് മേഖലാ ഡെപ്യൂട്ടി റേഷനിങ് കൺട്രോളർ വിനോദ്, കാസർകോട് ജില്ലാ സപ്ലൈ ഓഫിസർ അനിൽ കുമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

# കോവിഡ് കേസുകളിൽ 11 ശതമാനം വർധനയെന്ന് ലോകാരോഗ്യസംഘടന

ജനീവ: ആഗോളതലത്തിൽ കോവി!ഡിന്റെ ഒമിക്രോൺ വകഭേദം പിടിമുറുക്കുന്നു.

കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് കോവിഡ് കേസുകളിൽ 11 ശതമാനം വർധനവുണ്ടായതായി ലോകാരോഗ്യ സംഘടന. ഒക്ടോബർ മാസത്തിലേത് പോലെ അമേരിക്കയിൽ കോവിഡ് കേസുകൾ കുതിച്ചുയരുകയാണെന്നും സംഘടന പ്രതിവാര എപ്പിഡിമിയോളജിക്കൽ റിപ്പോർട്ടിൽ വ്യക്തമാക്കി.

ഡിസംബർ 20നും 26നും ഇടയ്ക്ക് 49.9 ലക്ഷം പേർക്കാണ് പുതിയതായി രോഗബാധ റിപ്പോർട്ട് ചെയ്തു. ഇതിൽ പകുതി കേസുകളും യൂറോപ്പിലാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. യൂറോപ്പിൽ കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് മൂന്ന് ശതമാനം വർധനവാണുള്ളത്, ഒരു ലക്ഷം ആളുകളിൽ 304.6 പേർ രോഗബാധിതരാകുന്നു എന്നാണ് കണക്കുകൾ.

ഇത് ഏറ്റവും കൂടുതൽ വ്യാപനം റിപ്പോർട്ട് ചെയ്തിരിക്കുന്നതും യൂറോപ്പിലാണ്. ഒരു ലക്ഷം അമേരിക്കക്കാരിൽ 144.4 പേർ രോഗബാധിതരാകുന്നുണ്ട്. 14.8 ലക്ഷം, ഏകദേശം 39 ശതമാനത്തോളം വരും ഇത്. ആഫ്രിക്കയിൽ ഏഴ് ശതമാനമാണ് വർധന. ഏകദേശം 2,75,000 വരും ഇത്. ഒമിക്രോണിന് മറ്റ് കോവിഡ് വകഭേദങ്ങളേക്കാൾ വ്യാപനശേഷി കൂടുതലാണെങ്കിലും തീവ്രതകുറവാണെന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ആളുകൾ കൂട്ടത്തോടെ രോഗബാധിതരാകുന്നതും ക്വാറന്റൈനിൽ പ്രവേശിക്കുന്നതും ആശുപത്രി, ബിസിനസ് തുടങ്ങി എല്ലാ മേഖലകളെയും പ്രതിസന്ധിയിലാക്കുകയാണ്. ഫ്രാൻസ്, ബ്രിട്ടൻ, ഇറ്റലി, സ്പെയിൻ, പോർചുഗൽ!, ഗ്രീസ്, മാൾട്ട തുടങ്ങിയ രാജ്യങ്ങളിലെല്ലാം പ്രതിദിന കേസുകളിൽ റെക്കോർഡ് വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

റോയ്ട്ടേഴ്സിന്റെ കണക്കനുസരിച്ച് അമേരിക്കയിൽ കഴിഞ്ഞ ഏഴ് ദിവസത്തേക്കാൾ ഈ ആഴ്ചയിൽ റെക്കോർഡ് വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓസ്ട്രേലിയയിൽ 18,300 പേർക്കാണ് കോവിഡ് ബാധിച്ചത്. രാജ്യത്ത് നേരത്തെ റിപ്പോർട്ട് ചെയ്ത ഏറ്റവും ഉയർന്ന കോവിഡ് കേസ് 11,300 ആയിരുന്നു.

രാജ്യത്ത് നിറഞ്ഞു കവിയുന്ന ലാബുകളേയും മരുന്ന് കാത്തുനിൽക്കുന്ന നീണ്ട വരികളെയും കോവിഡിൽ നിന്ന് സംരക്ഷിക്കണമെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ പറഞ്ഞു.

# ദിലീപിനെതിരെ വീണ്ടും അന്വേഷണത്തിന് പ്രോസിക്യൂഷൻ കോടതിയിൽ

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ സംവിധായകൻ ബാലചന്ദ്ര കുമാർ നടത്തിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം വേണമെന്ന് പ്രോസിക്യൂഷൻ വിചാരണ കോടതിയിൽ.

നടിയെ ആക്രമിക്കുന്ന ദൃശ്യങ്ങൾ അടങ്ങിയ വീഡിയോ പ്രതി ദിലീപ് കണ്ടെന്നായിരുന്നു ബാലചന്ദ്രന്റെ വെളിപ്പെടുത്തൽ. ബാലചന്ദ്രന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടിച്ചട്ടം അനുസരിച്ച് തുടരന്വേഷണം നടത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് പൊലീസ് വിചാരണ കോടതിയെ സമീപിച്ചത്. പ്രോസിക്യൂഷൻ ഇതുസംബന്ധിച്ച അപേക്ഷ വിചാരണ കോടതിയിൽ സമർപ്പിച്ചു. ഇതോടൊപ്പം നടിയെ ആക്രമിച്ച കേസിലെ നിലവിലുള്ള വിചാരണ നിർത്തിവെയ്ക്കണമെന്നാവശ്യപ്പെട്ടുള്ള മറ്റൊരു അപേക്ഷയും കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

പുതിയ വെളിപ്പെടുത്തലുകളാണ് പുറത്തുവന്നിരിക്കുന്നത്. അതിനാൽ തുടരന്വേഷണം ആവശ്യമാണെന്നാണ് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചത്. നടിയെ ആക്രമിച്ച കേസിൽ വിചാരണ അന്തിമ ഘട്ടത്തിലേക്ക് നീങ്ങുമ്പോഴാണ് പുതിയ വെളിപ്പെടുത്തൽ. പൾസർ സുനി പകർത്തിയ ദൃശ്യങ്ങൾ ദിലീപിന് എങ്ങനെ ലഭിച്ചു എന്ന കാര്യം അന്വേഷിക്കണം. സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിച്ചു എന്നതടക്കമുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തണമെന്നും പൊലീസ് കോടതിയിൽ സമർപ്പിച്ച അപേക്ഷയിൽ പറയുന്നു.

കഴിഞ്ഞ ദിവസം കേസിൽ പ്രോസിക്യൂഷൻ ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചിരുന്നു. നടപടിയിൽ ദിലീപ് അടക്കമുള്ള പത്ത് എതിർ കക്ഷികൾക്ക് ഹർജിയിൽ കോടതി നോട്ടിസ് അയക്കും. ഹൈക്കോടതിയുടെ അവധിക്കാല ബെഞ്ചിന്റേതാണ് നടപടി. ജനുവരി ആറിന് ഹർജി വീണ്ടും പരിഗണിക്കും.

നടിയെ ആക്രമിച്ച കേസിൽ 16 സാക്ഷികളുടെ പുനർ വിസ്താരത്തിനാണ് പ്രോസിക്യൂഷൻ അംഗീകാരം തേടിയത്.

16 പേരുടെ പട്ടികയിൽ ഏഴു പേർ നേരത്തെ സാക്ഷി പറഞ്ഞവരാണ്. മറ്റ് ഒമ്പത് പേരിൽ നിന്ന് പുതുതായി വിശദീകരണം തേടണമെന്ന് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ ഈ ആവശ്യം വിചാരണ കോടതി തള്ളുകയായിരുന്നു. നിലവിൽ സുപ്രീം കോടതി നിദേശമനുസരിച്ചു മുന്നോട്ടുപോകുന്ന വിചാരണയിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ വീണ്ടും മേൽക്കോടതി അനുമതി വേണ്ടിവരും.

# പ്ലാസ്റ്റിക് നിരോധനം: ബദൽ ഉൽപന്നങ്ങളുടെ പ്രദർശനം 31 മുതൽ

തിരുവനന്തപുരം: പ്ലാസ്റ്റിക് ക്യാരിബാഗുകൾ, മറ്റ് ഡിസ്പോസിബിൾസ് ഉൽപ്പന്നങ്ങൾ എന്നിവയുടെ നിരോധനത്തിന്റെ ഭാഗമായി നഗരസഭ 31, ജനുവരി ഒന്ന്, രണ്ട് തീയതികളിൽ പുത്തരിക്കണ്ടം നായനാർ പാർക്കിൽ വെച്ച് പ്ലാസ്റ്റിക് ബദൽ ഉൽപന്നങ്ങളുടെ പ്രദർശനമേള സംഘടിപ്പിക്കുന്നു. അതിന്റെ പ്രചരണാർത്ഥം സ്കൂൾ, കോളജ് വിഭാഗങ്ങളിൽ 160 സ്കൂളുകൾ, 17 കോളേജുകൾ എന്നിവിടങ്ങളിൽ ഉപന്യാസം, ചിത്രരചന, ക്വിസ് മത്സരം, പ്രസംഗം എന്നിവയിൽ പ്രാഥമിക മത്സരങ്ങൾ സംഘടിപ്പിച്ചു. പ്രാഥമിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഇന്നലെ മണക്കാട് കാർത്തിക തിരുനാൾ ഹയർ സെക്കൻണ്ടറി സ്കൂളിൽ നഗരസഭാതലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികളായ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് സമ്മാനങ്ങളും പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങളുടെ പ്രദർശനമേളയിൽ വെച്ച് ജനുവരി രണ്ടിന് വൈകുന്നേരം നാലു മണിക്ക് വിതരണം ചെയ്യും.



89 മത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസ് വർക്കല ശിവഗിരി പാഞ്ചജന്യം ഹാളിൽ ഒരുക്കിയ വികസന ഫോട്ടോ പ്രദർശനവും സ്റ്റാളും വി ജോയ് എം എൽ എ, മഠം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, , തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ഗുരുപ്രസാദ്, സ്വാമി വിശാലാനന്ദ, സ്വാമി ശരദാനന്ദ എന്നിവർ ചേർന്ന് നിർവഹിച്ചു.

# മൂന്നാം മുന്നണി ബിജെപി വിരുദ്ധ വോട്ടുകൾ ഭിന്നിപ്പിക്കുമെന്ന് തിരുമാവളവൻ

ചെന്നെ: ബിജെപി വിരുദ്ധ വോട്ടുകൾ ഭിന്നിപ്പിക്കുമെന്നതിനാൽ ഒരു മൂന്നാം മുന്നണി ഒഴിവാക്കണമെന്ന് വിടുതലൈ ചിരുതൈകൾ കച്ചി (വിസികെ) അധ്യക്ഷനും തമിഴ്!നാട്ടിൽ നിന്നുള്ള ലോക്സഭാ അംഗവുമായ തോൽ തിരുമാവളവൻ. ഇക്കാര്യം കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതൃത്വവുമായി ചർച്ച ചെയ്യാൻ തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം കെ സ്റ്റാലിനോട് അഭ്യർത്ഥിച്ചതായും ഒരു ദേശീയ മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറയുന്നു.

ബിജെപിക്കും കോൺഗ്രസിനും ബദൽ സഖ്യം രൂപീകരിക്കാനുള്ള ആഗ്രഹം പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പ്രകടിപ്പിച്ചിരുന്നു. തെലങ്കാന മുഖ്യമന്ത്രി ചന്ദ്രശേഖർ റാവുവും സ്റ്റാലിനുമായുള്ള കൂടിക്കാഴ്ചയും ദേശീയ തലത്തിൽ ഒരു രാഷ്ട്രീയ മുന്നണിയെക്കുറിച്ചുള്ള ഊഹാപോഹങ്ങൾ ഉയർത്തി. എന്നാൽ ഫാസിസ്റ്റ് ആശയങ്ങൾ പരസ്യമായി പ്രകടിപ്പിക്കുന്ന ബിജെപിക്ക് അനുകൂലമായ രാഷ്ട്രീയ അന്തരീക്ഷം സൃഷ്ടിക്കുമെന്നതിനാൽ ഡിഎംകെ അതിന് വഴങ്ങരുത്.

കഴിഞ്ഞദിവസം ഹരിദ്വാറിൽ നടന്ന ഒരു ഹിന്ദു കോൺക്ലേവിൽ പങ്കെടുത്തവർ മുസ്ലിങ്ങൾക്കെതിരെ വംശഹത്യയ്ക്ക് ആഹ്വാനം ചെയ്തു. ഹിന്ദു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിലാണ് ബിജെപിയുടെ ശ്രദ്ധ. ഒരു രാജ്യം, ഒരു കാർഡ്, ഒരു ഭാഷ എന്നീ മുദ്രാവാക്യങ്ങളുമായി നിലകൊള്ളുന്ന ബിജെപിക്ക് ബഹുസ്വരതയിലും വൈവിധ്യത്തിലും വിശ്വാസമില്ല. ബിജെപി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടാൽ അത് രാജ്യത്തിനും ഭരണഘടനയ്ക്കും കടുത്ത ഭീഷണിയാകും. അതുകൊണ്ട് മൂന്നാം മുന്നണി സൃഷ്ടിക്കാനുള്ള ഏതൊരു ശ്രമവും രാജ്യത്തിന് അപകടകരമാകും.

ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയമാണ് ബിജെപി സ്വീകരിച്ചത്. രാജ്യത്ത് ബിജെപി വിരുദ്ധ വോട്ടുകൾ കൂടുതലാണെങ്കിലും വോട്ടുകൾ ഭിന്നിപ്പിക്കുന്നതിൽ അവർ വിജയിച്ചു. ദളിത്, ഒബിസി വിഭാഗങ്ങളുടെ ഏകീകരണം ഉണ്ടാകാതിരിക്കാൻ ബിജെപി ശ്രമിക്കുന്നു. പ്രാദേശിക പാർട്ടികൾ കോൺഗ്രസും ഇടതുപക്ഷവുമായി കൈകോർത്തിരുന്നെങ്കിൽ പല സംസ്ഥാനങ്ങളിലും ബിജെപിയുടെ വളർച്ച തടയാമായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# കൗമാരക്കാർക്കു രണ്ടാം ഡോസ് വാക്സിൻ 28 ദിവസത്തിനു ശേഷം

ന്യൂഡൽഹി: കരുതൽ ഡോസ് വാക്സിന് അർഹതയുള്ള മുതിർന്ന പൗരന്മാർക്ക് മറ്റ് അസുഖങ്ങൾ ഉണ്ടെന്നു തെളിയിക്കാൻ ഡോക്ടർമാരുടെ സാക്ഷ്യപത്രം ആവശ്യമില്ലെന്ന് കേന്ദ്രം. 15നും 18നും ഇടയിൽ പ്രായമുള്ള കൗമാരക്കാർക്ക് ഒന്നാമത്തെ ഡോസ് വാക്സിൻ സ്വീകരിച്ച് 28 ദിവസത്തിനു ശേഷമായിരിക്കും രണ്ടാം ഡോസ് നൽകുക. നിയമസഭാ തെരഞ്ഞെടുപ്പു നടക്കുന്ന അഞ്ചു സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പു ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരെയും മുൻനിര പ്രവർത്തകരായി കണക്കാക്കി കരുതൽ ഡോസ് വാക്സിൻ നൽകും. കൗമാരക്കാർക്കു വാക്സിൻ നൽകാൻ പ്രത്യേക ക്യൂവും വാക്സിനേഷൻ ടീമിനെയും സജ്ജീകരിക്കണമെന്നും കേന്ദ്രം സംസ്ഥാനങ്ങൾക്കു നിർദേശം നൽകി.

കൗമാരക്കാർക്കു മാത്രമായി പ്രത്യേകം വാക്സിനേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുകയും അക്കാര്യം കോവിൻ ആപ്പിൽ അറിയിക്കുകയും ചെയ്യണമെന്നും നിർദേശമുണ്ട്. മുതിർന്ന പൗരന്മാർക്കു കോവിൻ ആപ്പിൽ രജിസ്റ്റർ ചെയ്തതനുസരിച്ച് ഉചിതസമയത്ത് കരുതൽ വാക്സിൻ സ്വീകരിക്കുന്നതിനുള്ള മുന്നറിയിപ്പു ലഭിക്കും. എന്നാൽ, മൂന്നാമത്തെ ഡോസ് സ്വീകരിക്കുന്നതിനുമുന്പ് ആരോഗ്യപരമായി സുരക്ഷിതരാണോ എന്ന കാര്യത്തിൽ മുതിർന്ന പൗരന്മാർ ഡോക്ടർമാരുടെ വിദഗ്ധോപദേശം തേടിയിരിക്കണം. ആരോഗ്യ പ്രവർത്തകർ, മുൻനിര പ്രവർത്തകർ, അസുഖങ്ങളുള്ള 60 വയസിനു മുകളിലുള്ളവർക്കും മൂന്നാമത്തെ ഡോസ് ജനുവരി 10 മുതൽ നൽകാൻ തീരുമാനിച്ചിരുന്നു.

അസുഖങ്ങളുള്ള മുതിർന്ന പൗരന്മാർ അക്കാര്യം വ്യക്തമാക്കുന്നതിന് ഡോക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന പ്രചാരണം ശരിയല്ലെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി രാജേഷ് ഭൂഷൺ വ്യക്തമാക്കി. ഇന്നലെ സംസ്ഥാനങ്ങളുമായി നടത്തിയ വെർച്വൽ കൂടിക്കാഴ്ചയിലാണ് ഇക്കാര്യങ്ങളിൽ രാജേഷ് ഭൂഷൻ വ്യക്തത വരുത്തിയത്.

ആദ്യ രണ്ടു ഡോസ് കോവിഷീൽഡും കോവാക്സിനും സ്വീകരിച്ചവർക്ക് അതുതന്നെയാണ് മൂന്നാമത്തെ കരുതൽ ഡോസ് ആയി നൽകുക. 60 വയസിനു മുകളിലുള്ള മുതിർന്ന പൗരന്മാരിൽ ഒരുവർഷത്തിനുള്ളിൽ ഹൃദയാഘാതം വന്ന് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവർ, ഉയർന്ന രക്തസമ്മർദത്തിനും പ്രമേഹത്തിനും പത്തു വർഷമായി ചികിത്സയിലുള്ളവർ, ഹൃദ്രോഗത്തെ തുടർന്ന് മറ്റു മെഡിക്കൽ ഉപകരണങ്ങൾ ഘടിപ്പിച്ചവർ, വൃക്ക, കരൾ, സ്റ്റെം സെല്ലുകൾ എന്നിവ മാറ്റിവച്ചവർ, ഹീമോ ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾ, കടുത്ത ശ്വാസകോശ അസുഖങ്ങൾ ഉള്ളവർ, 2020 ജൂലൈ ഒന്നിനു ശേഷം കാൻസർ സ്ഥിരീകരിച്ചവരും ഇപ്പോൾ ചികിത്സയിലുള്ളവരും, അരിവാൾ രോഗം, ബോൺ മാരോ ഫെയിലിയർ, അപ്ലാസ്റ്റിക് അനീമിയ, തലാസീമിയ തുടങ്ങി അസുഖ ബാധിതർ എന്നിവർക്കാണു കരുതൽ ഡോസ് ലഭിക്കുക എന്നാണു വിവരം.

# ശിവഗിരി തീർത്ഥാടനം: വിളംബര സമ്മേളനവും വാഹനറാലിയും നടത്തി

വർക്കല : 89 ാമത് ശിവഗിരി തീർത്ഥാടനത്തിന്റെ ഭാഗമായി ഗുരുധർമ്മപ്രചരണ സഭ വർക്കല മണ്ഡലം വിളംബര സമ്മേളനവും വാഹനറാലിയും നടത്തി. വിളംബര സമ്മേളനം ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ അധ്യക്ഷത വഹിച്ചു. ട്രഷറർ സ്വാമി ശാരദാനന്ദ മുഖ്യപ്രഭാഷണം നടത്തി. സ്വാമി അമേയാനന്ദ അനുഗ്രഹപ്രഭാഷണം നടത്തി. ട്രസ്റ്റ് ബോർഡ് അംഗങ്ങളായ സ്വാമി വിശാലാനന്ദ, സ്വാമി ബോധിതീർത്ഥ, സ്വാമി ഗുരുപ്രകാശം, ആറ്റിങ്ങൽ കൃഷ്ണൻ കുട്ടി, പ്രൊ. സുശീല, വിജയകുമാർ, മനോഹരൻ, ഷീജ സുനിലാൽ, അഡ്വ. രമേശൻ, മണ്ഡലം പ്രസിഡന്റ് എസ് സുരേഷ് ബാബു, ജി ജ്യോതി എന്നിവർ സംസാരിച്ചു. തുടർന്ന് നെടുങ്ങണ്ട എസ്എൻവി സ്കൂളിൽ നിന്നും ആരംഭിച്ച റാലിയിൽ ആയിരങ്ങൾ അണിനിരന്നു.

ശിവഗിരി തീർത്ഥാടന ഘോഷയാത്രയുടെ മുൻ നിരയിൽ പിടിക്കുന്നതിനുള്ള ധർമപതാകകൾ സേവനം യുഎഇ, ഗുരുദേവ സോഷ്യൽ സൊസൈറ്റി ബഹ്റൈൻ, ശ്രീനാരായണ കൾചറൽ സൊസൈറ്റി ബഹ്റൈൻ, കുവൈറ്റ് സാരഥി എന്നിവിടങ്ങളിൽ നിന്നും ഇന്ന് യാത്രതിരിച്ച് നാളെ ശിവഗിരിയിൽ എത്തിച്ചേരും. വൈകിട്ട് 5 മണിക്ക് ശിവഗിരി മഹാസമാധിയിൽ എത്തിച്ചേരുമ്പോൾ ശിവഗിരി മഠത്തിലെ സന്യാസി ശ്രേഷ്ഠൻമാർ സ്വീകരിക്കും.

ശ്രീനാരായണഗുരുദേവൻ അകവും പുറവും മിനുക്കിയ രാജശില്പിയാണെന്ന് സ്വാമിനി നിത്യചിന്മയി പറഞ്ഞു. ഈ പുതുവത്സരദിനത്തിൽ ലോകത്തിനുമുന്നിൽ അവതരിപ്പിക്കുവാൻ ഏറ്റവും മൂല്യമായത് മഹാഗുരുവിന്റെ ആത്മോപദേശ ശതകമാണെന്നും, ഒരു മനുഷ്യന് വേണ്ട എല്ലാ ദർശനങ്ങളെയും കോർത്തിണക്കിക്കൊണ്ടാണ് ഗുരു ആത്മോപദേശശതകം രചിച്ചതെന്നും അവർ പറഞ്ഞു. ആത്മോപദേശശതകത്തിലെ മിക്കവാറും പദ്യങ്ങളിൽ ബിംബകല്പിതമായ ദർശനങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ഇന്ദ്രിയ സംയമനം ഉണ്ടായ മനസ്സുകളിൽ മാത്രമേ ആത്മോന്മുഖതയുടെ സൗരഭ്യം വിടരുകയുള്ളൂവെന്നും ആത്മോപദേശശതകത്തിൽ ഗുരു ഉദാഹരിക്കുന്ന പദ്യങ്ങളെ മുൻനിർത്തി മാതാ നിത്യ ചിന്മയി സംസാരിച്ചു. ധർമ്മചൈതന്യ സ്വാമി അനുഗ്രഹപ്രഭാഷണം നടത്തി. ഗുരു പ്രകാശം സ്വാമി സ്വാഗതവും, ധന്യ ബെൻസാൽ നന്ദിയും അറിയിച്ചു. ശിവഗിരി തീർഥാടനത്തോടനുബന്ധിച്ച് ഇന്ന് മുതൽ ജനുവരി ഒന്ന് വരെ മട്ട് ജംഗ്ഷനിൽ നിന്നും ഗുരുകുലം ജംഗ്ഷനിൽ നിന്നും ശിവഗിരിയിലേക്ക് പാസ് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ മാത്രമേ കടത്തി വിടുകയുള്ളൂവെന്ന് വർക്കല പൊലീസ് അറിയിച്ചു.

കല്ലമ്പലം ഭാഗത്തു നിന്ന് വരുന്ന തീർത്ഥാടന വാഹനങ്ങൾ നരിക്കല്ല് മുക്ക്, പാലച്ചിറ, വട്ടപ്ലാമൂട് ജംഗ്ഷൻ വഴി എസ് എൻ കോളജ് നടയറ ഭാഗത്ത് വാഹനങ്ങൾ ഒതുക്കി തീർത്ഥാടകരെ ഇറക്കണം. പാരിപ്പള്ളി ഭാഗത്ത് നിന്നു വരുന്ന വാഹനങ്ങൾ മുക്കട ഭാഗത്തു നിന്ന് വലത്തേക്ക് തിരിഞ്ഞ് അയിരൂർ നടയറ വഴിയും അഞ്ചുതെങ്ങ്, കടക്കാവൂർ ഭാഗത്ത് നിന്നു വരുന്നവ മൂന്നുമുക്ക് ജങ്ഷനിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ് മരക്കടമുക്ക്, പാലചിറ വഴിയും ഇടവ, കാപ്പിൽ ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾ പുന്നമൂട് നടയറ എസ്എൻ കോളജ് ഭാഗം വഴിയോ പാലച്ചിറ വഴിയോ വർക്കല എസ് എൻ കോളജിന് മുൻവശമെത്തി തീർഥാടകരെ ഇറക്കണം.

എസ് എൻ കോളജ് ഗ്രൗണ്ട്, എസ് എൻ സെൻട്രൽ സ്കൂൾ ഗ്രൗണ്ട്, ശിവഗിരി ഹൈസ്കൂൾ ഗ്രൗണ്ട്, നഴ്സിംഗ് കോളജ്, കോളജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ശിവഗിരി തീർഥാടകരുമായി എത്തുന്ന ഇരുചക്ര വാഹനങ്ങൾ ആയുർവേദ ആശുപത്രി ജംഗ്ഷനിൽ എസ്എസ്എൻഎം ലേഡീസ് ഹോസ്റ്റലിന് എതിർവശത്തുള്ള ഗ്രൗണ്ടിൽ പാർക്ക് ചെയ്യണം.

31 ന് രാവിലെ അഞ്ച് മണി മുതൽ വർക്കല റെയിൽവേ സ്റ്റേഷൻ, മൈതാനം, ആയുർവേദ ആശുപത്രി ജങ്ഷൻ, പുത്തൻചന്ത, പാലച്ചിറ തുടങ്ങിയ സ്ഥലങ്ങളിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. ഗുരുകുലം ജങ്ഷൻ മുതൽ ശിവഗിരി ആൽത്തറമൂട് ജങ്ഷൻ വരെയും മട്ടു ജങ്ഷൻ മുതൽ ശിവഗിരി ആൽത്തറമൂട് ജങ്ഷഷൻ വരെയും റോഡിന്റെ ഇരുവശങ്ങളിലും ഇടറോഡുകളിലും പാർക്കിംഗ് അനുവദിക്കില്ലെന്ന് വർക്കല പൊലീസ് അറിയിച്ചു. വഴിയോരക്കച്ചവടം, ഭിക്ഷാടനം എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ട്.

ശിവഗിരി തീർഥാടനത്തിനു എത്തുന്ന ഭക്തർ കോവിഡ് പ്രോട്ടോകോൾ കൃത്യമായും പാലിക്കേണ്ടതാണ്. അസുഖലക്ഷണമുള്ള ഭക്തർ തീർഥാടനത്തിൽ നിന്നും വിട്ടുനിൽക്കണമെന്നും പൊലീസ് അറിയിച്ചു.

# ഫോക്സ്കോണിനെതിരെ നടപടിയെടുത്ത് ആപ്പിൾ

ന്യൂഡൽഹി: ചെന്നൈയിലെ ഐഫോൺ നിർമ്മാണ ഫാക്ടറിയായ ഫോക്സ്കോൺ ഇന്ത്യയ്ക്കെതിരെ നടപടിയെടുത്ത് ആപ്പിൾ. പ്രൊബേഷൻ ഏർപ്പെടുത്തിയതോടെ ഐഫോൺ നിർമ്മാണ ഫാക്ടറി വീണ്ടും പ്രവർത്തനം തുടങ്ങുന്നത് വൈകിയേക്കും.

ശ്രീപെരുമ്പുത്തൂരിലെ ഫോക്സ്കോൺ ഫാക്ടറിയിൽ ഉണ്ടായ ഭക്ഷ്യവിഷബാധയിൽ 150 ലേറെ തൊഴിലാളികൾ ആശുപത്രിയിലായിരുന്നു. ഇതിന് പിന്നാലെ ശക്തമായ പ്രതിഷേധം കമ്പനിക്കെതിരെ ഉടലെടുത്തു.

ജീവനക്കാർക്കായി ഉപയോഗിക്കുന്ന ചില ഡോർമിറ്ററി താമസസൗകര്യങ്ങളും ഡൈനിംഗ് റൂമുകളും ആവശ്യകതകൾ നിറവേറ്റുന്നില്ലെന്ന് കണ്ടെത്തിയതായി ആപ്പിൾ പ്രസ്താവനയിൽ പറഞ്ഞു. ഭക്ഷ്യ സുരക്ഷ, താമസസൗകര്യം എന്നിവ ഉറപ്പാക്കാൻ സ്വതന്ത്ര ഓഡിറ്റ!ർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വീണ്ടും തുറന്ന് പ്രവ!ർത്തിക്കുന്നതിന് മുമ്പ് കമ്പനിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുമെന്നും തുട!ർച്ചയായി നിരീക്ഷിക്കുമെന്നും ആപ്പിൾ അറിയിച്ചു.

17,000 ഓളം പേ!ർ ജോലി ചെയ്യുന്ന കമ്പനിയിൽ കൂടുതൽ ജീവനക്കാരും സ്ത്രീകളാണ്. 17 ഹോസ്റ്റലുകളാണ് കമ്പനിക്കുള്ളത്. ഇതിൽ ഓരോ മുറിയിലും 12 പേരാണ് താമസം. ഇതിലൊരു ഹോസ്റ്റലിലാണ് ഭക്ഷവിഷബാധയുണ്ടായത്. സംഭവത്തിൽ ഫോക്സ്കോൺ ജീവനക്കാരും അവരുടെ ബന്ധുക്കളും ചെന്നൈബംഗളുരു ദേശീയ പാത മണിക്കൂറുകളോളം ഉപരോധിച്ചിരുന്നു.

# ഏകദിന പരിശീലനം

2020ലെ വയർമാൻ പരീക്ഷ പാസായവർക്കുള്ള ഒരു ദിവസത്തെ പരിശീലന ക്ലാസ് ജനുവരി അഞ്ച്, ആറ് തീയതികളിൽ തിരുവനന്തപുരം ശ്രീകാര്യത്തെ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ നടക്കും.

ഹാൾ ടിക്കറ്റ് നമ്പർ 20010002 മുതൽ 20010098 വരെയുള്ളവർ അഞ്ചിനും 20010099 മുതൽ 20010203 വരെയുള്ളവർ ആറിനും പരിശീലന ക്ലാസിൽ പങ്കെടുക്കണം.

# ഭരണഘടനാ സാക്ഷരത കാലഘട്ടത്തിന്റെ അനിവാര്യത: മന്ത്രി ജെ.ചിഞ്ചു റാണി

## ജില്ലയെ സമ്പൂർണ ഭരണഘടനാ സാക്ഷരമാക്കാനുള്ള യജ്ഞത്തിന് തുടക്കം

ഭരണഘടന നൽകുന്ന പൗരാവകാശങ്ങളെക്കുറിച്ച് ബോധമുള്ളവരാക്കി എല്ലാവരെയും മാറ്റുകയെന്നത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുകയാണെന്ന് മൃഗസംരക്ഷണ വകുപ്പു മന്ത്രി ജെ.ചിഞ്ചു റാണി പറഞ്ഞു.

ജില്ലയെ സമ്പൂർണ ഭരണഘടനാ സാക്ഷരമാക്കാനുള്ള ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്തും ജില്ലാ ആസൂത്രണ സമിതിയും കിലയും ചേർന്ന് നടത്തുന്ന പരിപാടികളുടെ ആലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ ചേർന്ന പ്രത്യേക ആസൂത്രണ സമിതി യോഗം ഇതിനുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തി.

2022 ആഗസ്റ്റ് 14ന് അർദ്ധരാത്രി കൊല്ലത്തെ സമ്പൂർണഭരണഘടനാ സാക്ഷരത നേടിയ ജില്ലയാക്കി പ്രഖ്യാപനം നടത്താൻ ലക്ഷ്യമിട്ടുള്ള പരിപാടികളാണ് നടത്തുന്നതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയൽ പറഞ്ഞു. പത്ത് വയസിന് മുകളിലുള്ള എല്ലാവർക്കും ഭരണഘടനയെക്കുറിച്ച് അവബോധം പകരുന്നതിനുള്ള പ്രവർത്തനം നടത്തും. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്കൂളുകൾ, വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രചാരണ, പരിശീലന പരിപാടികൾ നടത്തും. കില പരിശീലനം നൽകുന്ന സന്നദ്ധപ്രവർത്തകർ ഇതിന് നേതൃത്വം നൽകും. വീടുകളിൽ പതിക്കുന്നതിന് ആകർഷകമായി അച്ചടിച്ച ഭരണഘടനയുടെ ആമുഖം എത്തിക്കും. കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകും. ദി സിറ്റിസൺ എന്ന പേരിൽ നടത്തുന്ന യജ്ഞം ബഹുജന പങ്കാളിത്തത്തോടെ വിജയത്തിലെത്തിക്കാനാകുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ, തദ്ദേശഭരണസ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# രാത്രിയിൽ ഒരു വിധത്തിലുമുള്ള ആൾക്കൂട്ട പരിപാടികൾ അനുവദിക്കില്ല

സംസ്ഥാനത്ത് ഒമിക്രോൺ പടരാനുള്ള സാധ്യത മുൻനിർത്തി രാത്രികാല നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഡിസംബർ 30 മുതൽ ജനുവരി രണ്ടു വരെ ദേവാലയങ്ങളിലും മറ്റ് പൊതുയിടങ്ങളിലും ഉൾപ്പെടെ നടത്തുന്ന മത, സാമുദായിക, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക കൂടിച്ചേരലുകൾ അടക്കം ആൾക്കൂട്ട പരിപാടികളൊന്നും രാത്രി പത്തു മണി മുതൽ രാവിലെ അഞ്ച് വരെ അനുവദിക്കില്ലെന്ന് ദുരന്തനിവാരണ വകുപ്പ് അറിയിച്ചു. അടിയന്തര ആവശ്യങ്ങൾക്ക് പുറത്തിറങ്ങുന്നവർ സ്വയം സാക്ഷ്യപത്രം കൈയിൽ കരുതണം.

# പിഎംകിസാന്റെ 10ാം ഗഡു ജനുവരി ഒന്നിന് പ്രധാനമന്ത്രി പുറത്തിറക്കും

താഴെത്തട്ടിലുള്ള കർഷകരെ ശാക്തീകരിക്കുന്നതിനുള്ള തുടർച്ചയായ പ്രതിബദ്ധതയ്ക്കും ദൃഢനിശ്ചയത്തിനും അനുസൃതമായി, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി (പിഎംകിസാൻ) പദ്ധതിയുടെ 10ാം ഗഡു സാമ്പത്തിക ആനുകൂല്യം 2022 ജനുവരി 1 ന് ഉച്ചയ്ക്ക് 12:30 ന് വിഡിയോ കോൺഫെറൻസിലൂടെ പ്രകാശനം ചെയ്യും. ഇത് ഗുണഭോക്താക്കളായ 10 കോടിയിലധികം കർഷക കുടുംബങ്ങൾക്ക് 20,000 കോടിയിലധികം രൂപ കൈമാറും. പിഎംകിസാൻ പദ്ധതിക്ക് കീഴിൽ, യോഗ്യരായ കർഷക കുടുംബങ്ങൾക്ക് പ്രതിവർഷം 6000/ നൽകുന്നു, 2000/ രൂപ വീതമുള്ള മൂന്ന് തുല്യ 4മാസ ഗഡുക്കളായി നൽകും.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് ഫണ്ട് നേരിട്ട് കൈമാറുന്നത്. ഈ സ്കീമിൽ 10000 രൂപയിലധികം വരുന്ന സമ്മാന രാശി. കർഷക കുടുംബങ്ങൾക്ക് ഇതുവരെ 1.6 ലക്ഷം കോടി രൂപ കൈമാറിയിട്ടുണ്ട് .

പരിപാടിയിൽ വച്ച് പ്രധാനമന്ത്രി ഓഹരി ധനസഹായത്തിൽ കൂടുതൽ തുക അനുവദിക്കും. ഏകദേശം 351 കർഷക ഉല്പാദന സംഘങ്ങൾക്ക് 14 കോടിയിലധികം അനുവദിക്കും ; 1.24 ലക്ഷത്തിലധികം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ചടങ്ങിൽ പ്രധാനമന്ത്രി കർഷക ഉല്പാദന സംഘങ്ങളുമായി സംവദിക്കുകയും ചെയ്യും.

കേന്ദ്ര കൃഷി മന്ത്രിയും ചടങ്ങിൽ പങ്കെടുക്കും.

# ടെൻഡർ

കൊല്ലം അർബൻ 1 ഐ സി ഡി എസ് പ്രോജക്റ്റ് പരിധിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ഏകീകൃത നെയിം ബോർഡുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ജനുവരി മൂന്ന് ഉച്ചക്ക് രണ്ടു മണി. വിശദവിവരങ്ങൾക്ക് ഫോൺ 04742767369.

# ചൈനീസ് നഗരത്തിൽ കോവിഡ് വ്യാപനം രൂക്ഷം

ബീജിങ്: ചൈനയുടെ വടക്ക് പടിഞ്ഞാറൻ പ്രദേശത്തുള്ള സിയാൻ നഗരത്തിൽ സമ്പർക്ക കോവിഡ് രോഗികളുടെ എണ്ണം വർധിക്കുന്നു. തുടർച്ചയായ നാലാം ദിവസമാണ് കോവിഡ് കേസുകളിൽ വർധന രേഖപ്പെടുത്തിയത്.

അതിനിടെ കോവിഡ് നിയമങ്ങൾ ലംഘിച്ച നാലു പേരെ ഫോട്ടോയും പേരും എഴുതിയ പ്ലക്കാർഡുമായി ജിങ്സി നഗരത്തിൽ ജനങ്ങൾക്കിടയിലൂടെ നടത്തിയതായി ഗുവാങ്സി ന്യൂസ് റിപ്പോർട്ട് ചെയ്തു. ഇന്നലെ 175 പേർക്കാണ് സിയാനിൽ മാത്രം രോഗബാധ സ്ഥിരീകരിച്ചത്.

ഇതിൽ 38 ദിവസം മാത്രം പ്രായമുള്ള ഒരു കുട്ടിയും ഉൾപ്പെടും. തുടർച്ചയായ മൂന്നാം ദിവസവും നൂറിൽകൂടുതൽ ആളുകൾക്ക് രോഗബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് ചൈന ആശങ്കയിലാണ്.

കർശന നിയന്ത്രണങ്ങളാണ് നഗരത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്. വലിയ തോതിലുള്ള കോവിഡ് പരിശോധനകളും ക്രമീകരിച്ചിട്ടുണ്ട്. 130 ലക്ഷം ജനങ്ങളാണ് നിയന്ത്രണത്തെ തുടർന്ന് സിയാനിൽ കുടുങ്ങിക്കിടക്കുന്നത്.

കോവിഡ് പ്രതിരോധത്തിൽ വിട്ടുവീഴ്ച നടത്തിയ 26 ജീവനക്കാർക്കെതിരെ നടപടിയെടുക്കുമെന്നും ചൈനീസ് ഭരണകൂടം അറിയിച്ചിട്ടുണ്ട്. ഏറ്റവും പുതിയ റിപ്പോർട്ടുകൾ അനുസരിച്ച് തലസ്ഥാനമായ ബീജിങ് ഉൾപ്പെടെ അഞ്ച് നഗരങ്ങളിൽ സമ്പർക്ക രോഗികളുണ്ട്.

അതിനിടെ രണ്ടുവർഷത്തിന് ശേഷം വുഹാനിൽ ആദ്യമായി വൈറൽ ന്യൂമോണിയ റിപ്പോർട്ട് ചെയ്തു.

# ഭക്ഷ്യമന്ത്രിയുടെ ഫയൽ അദാലത്ത കാസർകോഡ് ജില്ലയിൽ പൂർത്തിയായി

ലൈസൻസ് സസ്പെൻഡ് ചെയ്ത റേഷൻ കടകളുമായി ബന്ധപ്പെട്ട് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിലിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ നടത്തിയ അദാലത്തിൽ സസ്പെൻഡ് ചെയ്തിരുന്ന നാലു കടകളുടെ ലൈസൻസ് പുനഃസ്ഥാപിച്ചു. ഏഴ് ലൈസൻസികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാൻ സമയം അനുവദിച്ചു. 16 ലൈസൻസുകൾ റദ്ദാക്കി. കോട്ടയം, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, കൊല്ലം ജില്ലകളിൽ നേരത്തെ അദാലത്തുകൾ പൂർത്തിയായിരുന്നു. മറ്റു ജില്ലകളിൽ വരും ദിവസങ്ങളിൽ അദാലത്ത് നടക്കുമെന്നു മന്ത്രി അറിയിച്ചു. സിവിൽ സപ്ലൈസ് ഡയറക്ടർ ഡി. സജിത് ബാബു, നോർത്ത് മേഖലാ ഡെപ്യൂട്ടി റേഷനിങ് കൺട്രോളർ വിനോദ്, കാസർകോഡ് ജില്ലാ സപ്ലൈ ഓഫിസർ അനിൽ കുമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.



ചെമ്പഴന്തി ഗുരുകുലത്തിൽ തിരു: ജില്ലാ ഇൻഫർമേഷൻ ഓഫിസ് സംഘടിപ്പിച്ച ഫോട്ടോ പ്രദർശനം ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തപ്പോൾ . ഗുരുകുലം സെക്രട്ടറി ശുഭാംഗാനന്ദ സ്വാമികൾ സമീപം

# തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എൽ.ഡി ടൈപ്പിസ്റ്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ജനുവരി 14ന്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 45/2020) തസ്തികയിൽ ഒക്ടോബർ 24ൽ നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ സാധ്യതാപട്ടികയിലെ ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ജനുവരി 14ന് തിരുവനന്തപുരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും. സാധ്യതാപട്ടികയിലെ ഉദ്യോഗാർഥികളുടെ രജിസ്റ്റർ നമ്പറുകളുടെ ക്രമത്തിലായിരിക്കും വെരിഫിക്കേഷൻ നടത്തുക. നിശ്ചയിക്കപ്പെട്ട സമയത്ത് ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെയോ പ്രമാണങ്ങൾ ഹാജരാക്കുന്നതിന്റെയോ സമയപരിധി നീട്ടി നൽകില്ല. വെരിഫിക്കേഷൻ തീയതി, സമയം, സ്ഥലം എന്നീ വിശദാംശങ്ങൾ ०००.സറൃയ.സലൃമഹമ.ഴീ.ശി ൽ ലഭിക്കും. സാധ്യതാപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് ഇത് സംബന്ധിച്ച കത്ത് അയയ്ക്കും. ജനുവരി 10 വരെ യാതൊരു അറിയിപ്പും ലഭിക്കാത്ത സാധ്യതാപട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസിൽ ബന്ധപ്പെടണം.

## കാസർഗോഡ് സർക്കാർ മേഖലയിൽ ആദ്യമായി ന്യൂറോളജിസ്റ്റിനെ നിയമിച്ചു

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂറോളജിസ്റ്റിനെ നിയമിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ആദ്യമായാണ് കാസർഗോഡ് സർക്കാർ മേഖലയിൽ ഒരു ന്യൂറോളജിസ്റ്റിനെ നിയമിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒപി തുടങ്ങുന്നതിന് മുന്നോടിയായാണ് ന്യൂറോളജിസ്റ്റിനെ നിയമിച്ചത്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ദീർഘനാളായുള്ള ആവശ്യമാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. ഇവരുടെ ന്യൂറോളജിക്കൽ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് മനസിലാക്കാനും ഭാവിയിൽ മെഡിക്കൽ കോളേജിൽ ഇവരുടെ ചികിത്സയ്ക്കായി കൂടുതൽ സൗകര്യങ്ങളൊരുക്കാനും ഇതിലൂടെ കഴിയുമെന്ന് മന്ത്രി വ്യക്തമാക്കി.

## മെഴുകുതിരിയിൽ നിന്ന് തീപടർന്നു; യുക്രെയ്നിലെ ആശുപത്രിയിൽ മൂന്നു പേർ മരിച്ചു

കീവ്: പടിഞ്ഞാറൻ യുക്രെയ്നിലെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരുന്ന മൂന്നു പേർ മരിച്ചു. രണ്ട് സ്ത്രീകളും ഒരു പുരുഷനുമാണ് മരിച്ചത്. തീപിടിത്തത്തിൽ മൂന്നു ഡോക്ടർമാർ അടക്കം നാല് പേർക്ക് ഗുരുതരമായി പൊള്ളലേറ്റു.

കൊസീവിലെ ആശുപത്രിയിൽ കോവിഡിന് ഇരയായവരുടെ സ്മരണയ്ക്കായി കത്തിച്ച മെഴുകുതിരിയിൽ നിന്നാണ് തീപിടർന്നത്. ഓക്സിജൻ കോൺസെൻട്രേറ്ററുകൾക്ക് സമീപം നിന്നുകൊണ്ട് ഒരു ജീവനക്കാരൻ ഒരു മെഴുകുതിരി കത്തിച്ചതോടെയാണ് തീപിടിത്തമുണ്ടായത്.

സംഭവത്തെക്കുറിച്ച് പ്രാദേശിക പ്രോസിക്യൂട്ടർ ഓഫീസ് അന്വേഷണം ആരംഭിച്ചതായി ഇൻറർഫാക്സ് വാ ർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

# ടെസ്റ്റ് പരമ്പര: ഈ വർഷത്തെ അവസാന ജയപ്രതീക്ഷ

സെഞ്ചൂറിയൻ: ഇക്കൊല്ലം ജയിച്ചവസാനിപ്പിക്കാൻ ടീം ഇന്ത്യക്കാവുമോ ഒറ്റദിനത്തിൽ ആറു വിക്കറ്റ് കടമ്പ ചാടിക്കടന്നെത്തിയാൽ കൊല്ലാവസാനത്തിൽ ഇന്ത്യക്ക് ജയാന്ത്യം കുറിക്കാം.

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ജയത്തിൻറെ വക്കിൽ. 305 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സ് ആരംഭിച്ച ദക്ഷിണാഫ്രിക്ക നാലാം ദിനം അവസാനിക്കുമ്പോൾ നാല് വിക്കറ്റിന് 94 റൺസ് എന്ന നിലയിലാണ്. ആതിഥേയർ ഇനിയും 211 റൺസ് പിന്നിൽ. അവസാന ദിനം മഴ മാറിനിന്നാൽ ബോക്സിംഗ് ഡേ ടെസ്റ്റ് ഇന്ത്യൻ ബോക്സിലാവുമെന്ന് ഏതാണ്ടുറപ്പ്.

ഓപ്പണർ എഡിൻ മാർക്രമിനെ (1) രണ്ടാം ഓവറിൽ തന്നെ പുറത്താക്കി മുഹമ്മദ് ഷമി ആക്രമണം തുടങ്ങി.




എന്നാൽ, രണ്ടാം വിക്കറ്റിൽ എൽഗറും കീഗൻ പീറ്റേഴ്സണും (17) ചേർന്ന് 76 പന്തിൽ 33 റൺസ് നേടി. പീറ്റേഴ്സണിനെ പുറത്താക്കി മുഹമ്മദ് സിറാജ് ഈ കൂട്ടുകെട്ട് പൊളിച്ചു.

137 പന്ത് നീണ്ട എ ൽഗർ റാസീ വാൻഡർ ഡസൻ മൂന്നാം വിക്കറ്റ് കൂട്ടുകെട്ട് ഭേദിച്ചത് ജസ്പ്രീത് ബുംറയായിരുന്നു. വാൻഡർ ഡസനെ (11) ബുംറ ബൗൾഡാക്കി. കേശവ് മഹാരാജിനെയും (8) പുറത്താക്കി ബുംമ്ര ഇന്ത്യൻ പ്രതീക്ഷകൾക്ക് ചിറക് നൽകി. അർധസെഞ്ചുറിയുമായി ക്യാപ്റ്റൻ ഡീൻ എൽഗർ (52) പുറത്താകാതെ നിൽക്കുന്നതാണ് ദക്ഷിണാഫ്രിക്കയുടെ പ്രതീക്ഷ.

## പരാതിപരിഹാര അദാലത്ത് നടത്തി

ജില്ലാ മെയിന്റനൻസ് ട്രൈബ്യൂണൽ, ജില്ലാ സാമൂഹ്യ നീതിവകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ വയോജനങ്ങൾക്കായി പരാതി പരിഹാര അദാലത്ത് നടത്തി. 25ലധികം കേസുകൾ പരിഗണിച്ചു.

14 കേസുകളിൽ പരിഹാരം കണ്ടു. ജില്ലാ മെയിന്റനൻസ് ട്രൈബ്യൂണൽ പ്രിസൈഡിങ് ഓഫീസർ കൂടിയായ സബ്കളക്ടർ ചേതൻ കുമാർ മീണയുടെ നേതൃത്വത്തിലാണ് അദാലത്ത് നടന്നത്.

## ഇ ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യണം

അസംഘടിതമേഖലയിലെ എല്ലാ തൊഴിലാളികളും 2021 ഡിസംബർ 31നകം ഇ ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കേരള മദ്രസ അധ്യാപക ക്ഷേമനിധിയിലെ എല്ലാ അംഗങ്ങളും ഇ പോർട്ടലിൽ www.e.shr-am.gov.in അക്ഷയ സെന്റർ വഴിയോ കോമൺ സർവീസ് സെന്റർ വഴിയോ രജിസ്റ്റർ ചെയ്യണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## ഹ്രസ്വകാല കോഴ്സിലേക്ക് അപേക്ഷിക്കാം

ഐ.എച്ച്.ആർ.ഡിയുടെ കോളേജ് ഓഫ് എൻജിനീയറിങ് കൊട്ടാരക്കരയിൽ 2022 ജനുവരിയിൽ ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷിക്കാം. പി.ജി.ഡി.സി.എ, ഡി.സി.എ, ഡി.ഡി.റ്റി.ഒ.എ , ഡി.സി.എഫ്.എ, സി.സി.എൽ.ഐ.എസ്, ഡി.എൽ.എസ്.എം, എ.ഡി.ബി.എം.ഇ, പി.ജി.ഡി.ഇ.ഡി, സി.സി.എൻ.എ. എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷിക്കാവുന്നത്. അപേക്ഷാഫോറം www.i-hr-d.a-c.in, www.c-e-ko-ttar-a-k-k-ar-a.i-hr-d.a-c.in എന്ന വെബ്സൈറ്റിൽ ലഭിക്കും. വിവരങ്ങൾ 8547005039, 04742453300 എന്ന നമ്പറിൽ ലഭിക്കും.

## കേരളാ പ്രീമിയർ ലീഗ് ഫുട്ബോൾ ജനുവരി ഏഴ് മുതൽ

തിരുവനന്തപുരം: കേരള പ്രീമിയർ ലീഗിൻറെ(കെപിഎൽ) പുതിയ സീസൺ ജനുവരി ഏഴിന് ആരംഭിക്കും. ടൂർണമെൻറിൻറെ മത്സരക്രമം കേരള ഫുട്ബോൾ അസോസിയേഷൻ പുറത്ത് വിട്ടു. കെപിഎൽ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ടീമുകൾ പങ്കെടുക്കുന്ന സീസണാണ് ഇത്തവണത്തേത്. 22 ടീമുകളാണ് ഇത്തവണ ഫൈനൽ റൗണ്ടിൽ പോരാടുന്നത്.

നിലവിലെ ചാമ്പ്യന്മാരായ ഗോകുലം കേരള, മുൻ ചാമ്പ്യന്മാരായ കേരള ബ്ലാസ്റ്റേഴ്സ് എന്നിവർ ഉൾപ്പെ ടെയാണ് 22 ടീമുകൾ. 11 ടീമുകൾ വീതം ഉള്ള 2 ഗ്രൂപ്പുകൾ ആയാകും മത്സരം. ഗ്രൂപ്പ് എയിലെ മത്സ രങ്ങൾക്ക് ഇഎംഎസ് സ്റ്റേഡിയം കോഴിക്കോടും ഗ്രൂപ്പ് ബിയിലെ മത്സരങ്ങൾക്ക് തൃശൂർ കോർപറേഷൻ സ്റ്റേഡിയവും വേദിയാകും. ജനുവരി ഏഴിന് ആദ്യ മത്സരത്തിൽ കേരള യുണൈറ്റഡ് കെഎസ്ഇ ബിയെ നേരിടും.

സ്കോർലൈനും കെഎഫ്എയും തമ്മിൽ കരാറിൽ എത്തിയതിനു ശേഷം നടക്കുന്ന ആദ്യ കെപിഎൽ സീ സണാകും ഇത്. യോഗ്യത റൗണ്ടിലൂടെ ലീഗിന് യോഗ്യത നേടുയ ഐഫ കൊപ്പവും ലീഗിന് ഉണ്ട്.

## നെഹ്റു റോഡ് ഇനി 'നരേന്ദ്ര മോദി മാർഗ്'; പേര് മാറ്റി സിക്കിം

ഗാംഗ്ടോക്: സിക്കിമിലെ സോംഗോ തടാകത്തേയും ഗാംഗ്ടോക്കിലെ നാഥുല ബോർഡർ പാസിനെയും ബന്ധിപ്പിക്കുന്ന റോഡിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പേര് നൽകി സിക്കിം. 'ജവഹർലാൽ നെഹ്റു റോഡ്' എന്നറിയപ്പെട്ടിരുന്ന റോഡ് ഇനിമുതൽ 'നരേന്ദ്ര മോദി മാർഗ്' എന്നാവും അറിയപ്പെടുക.

സിക്കിം ഗവർണർ ഗംഗാ പ്രസാദ് ബുധനാഴ്ച പുതുക്കിപ്പണിത റോഡ് നാടിന് സമർപ്പിച്ചു. റോഡ് ഉദ്ഘാടനം ചെയ്യുന്ന ചിത്രവും റോഡിൻറെ പേര് മാറ്റത്തെ കുറിച്ചുള്ള വാർത്തകളും ബിജെപിയുടെ സംസ്ഥാന അധ്യക്ഷൻ ഡി.ബി. ചൗഹാൻ സമൂഹമാധ്യമങ്ങളിലൂടെ പങ്കുവച്ചിരുന്നു.

ക്യോംഗസാല ഗ്രാമപഞ്ചായത്തിൻറെ പരിധിയിലാണ് 19.51 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് നിർമിച്ചിരിക്കുന്നത്. കോവിഡ് കാലത്ത് സൗജന്യ വാക്സിനും റേഷനും ജനങ്ങൾക്ക് നൽകിയ പ്രധാനമന്ത്രിക്കുള്ള നന്ദി സൂചകമായിട്ടാണ് പേരു മാറ്റം എന്നാണ് പഞ്ചായത്ത് പ്രസിഡൻറ് ഐ.കെ റസൈലി പറയുന്നത്.

## പ്രതിരോധ മന്ത്രാലയം സ്വദേശിവൽക്കരണ പട്ടിക പുറത്തിറക്കി

ന്യൂ ഡൽഹി: പ്രതിരോധ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും പ്രതിരോധ പൊതു മേഖലാ സ്ഥാപനങ്ങളുടെ ഇറക്കുമതി കുറയ്ക്കുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമായി, പ്രതിരോധ മന്ത്രാലയത്തിന് കീഴിലെ പ്രതിരോധ ഉൽപ്പാദന വകുപ്പ്, സബ് സിസ്റ്റം/അസംബ്ലികൾ/സബ് അസംബ്ലികൾ/ മറ്റ് ഘടകങ്ങൾ എന്നിവയുടെ ഒരു സ്വദേശിവൽക്കരണ പട്ടിക വിജ്ഞാപനം ചെയ്തിട്ടുണ്ട്. . ഇതിനകം സ്വദേശിവത്കരിച്ച 2,500 ഇറക്കുമതി ഇനങ്ങളും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ സ്വദേശിവത്കരിക്കപ്പെടുന്ന 351 ഇറക്കുമതി ഇനങ്ങളും പട്ടികയിലുണ്ട്. ഈ ആത്മനിർഭർ സംരംഭം പ്രതിവർഷം ഏകദേശം 3,000 കോടി രൂപയ്ക്ക് തുല്യമായ വിദേശനാണ്യം ലാഭിക്കും . ഈ ഇനങ്ങളുടെ വിശദാംശങ്ങൾ സ്റിജൻ പോർട്ടലിൽ ലഭ്യമാണ്

ആയുധങ്ങൾ/പ്ലാറ്റ്ഫോമുകൾ/സംവിധാനങ്ങൾ/വെടിമരുന്നുകൾ തുടങ്ങിയവയുടെ രണ്ട് സ്വദേശിവൽക്കരണ പട്ടികകൾ സൈനിക കാര്യ വകുപ്പ് ഇതിനകം പുറത്തിറക്കിയിട്ടുണ്ട് .

## ട്രേഡ്സ്മാൻ ഒഴിവ്: അഭിമുഖം നാലിന്

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളജിൽ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് വിഭാഗത്തിൽ ഇലക്ട്രിക്കൽ ട്രേഡിൽ ദിവസ വേതനാടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനത്തിന് ജനുവരി നാലിനു രാവിലെ 10ന് അഭിമുഖം നടത്തും. ഐടിഐ, ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എൻജിനീയറിങ് യോഗ്യതയുള്ളവർക്കു പങ്കെടുക്കാം. കോളജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് വകുപ്പിലാണ് അഭിമുഖം. കൂടുതൽ വിവരങ്ങൾക്ക് 0471 2300484.



വനിത ശിശുവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി കളക്ടറേറ്റിൽ സ്ഥാപിച്ച റോൾ അപ്പ് സ്റ്റാൻഡ് കളക്ടർ നവജ്യോത് ഖോസ പ്രകാശനം ചെയ്തപ്പോൾ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.